തൊടിയൂർ ഗ്രാമ പഞ്ചായത്ത് കാര്യാലയം

തൊടിയൂർ. പി.ഒ, തൊടിയൂർ , കൊല്ലം
പിൻ. 690 523 ഫോൺ. 0476 2660276
ഇ-മെയിൽ. thodiyoorgp@gmail.com

നമ്പർ:എസ്.സി-01/1010/2026 തീയതി: 06/10/2026

ടെണ്ടർ പരസ്യം

തൊടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2026/27 വാർഷിക പദ്ധതി 66/27 തെരുവ് വിളക്ക് പരിപാലനം-ടെക്നീഷന്റെ വേതനം എന്ന പദ്ധതി പ്രകാരം ഇലക്ട്രിക് പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് തയ്യാറുള്ള അംഗീകൃത (Central Electricity Authority(Measures relating to safety & Elecricity supply) Regulations 2023, 6 Regulation 31(1),(2) ഇലക്ട്രിക്കൽ കോൺട്രാക്ട് ലൈസൻസികളിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു. ടെണ്ടറിനോടൊപ്പം ഇലക്ട്രിക്കൽ ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതാണ്.

- ടെണ്ടർ ഫോറം 15.10.2026 ന് ഉച്ചയ്ക്ക് 02.00 മണിവരെ പഞ്ചായത്തിൽ നിന്നും ലഭിക്കുന്നതാണ്.
- ടെണ്ടറുകൾ 15.10.2026 ന് ഉച്ചയ്ക്ക് 03.00 മണിയ്ക്കു മുമ്പ് പഞ്ചായത്ത് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.
- ടെണ്ടറുകൾ തുറക്കുന്ന സമയം-15.10.2026 ഉച്ചയ്ക്ക് 04.00 മണി.
- അടങ്കൽ തുക -200000/-
- ടെണ്ടർ ഫോറം വില-500/-+ ജി.എസ്.ടി
- നിരതദ്രവ്യം-2000/-

നിബന്ധനകൾ

1. ടെണ്ടറിനോടൊപ്പം 200 രൂപയുടെ മുദ്രപത്രത്തിൽ നിശ്ചിത മാതൃകയിലുള്ള പ്രാഥമിക കരാർ ഉടമ്പടി ഉണ്ടായിരിക്കേണ്ടതാണ്.
2. ടെണ്ടർ ഉള്ളടക്കം ചെയ്യുന്ന കവറിന് പുറത്ത് പ്രവർത്തിയുടെ പേര്

വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

3. നിശ്ചിത സമയത്തിന് ശേഷം സമർപ്പിക്കുന്ന ടെണ്ടറുകൾ നിരസിക്കുന്നതാണ്.
4. ഒരു പോളിനുള്ള ഏറ്റവും കുറഞ്ഞ നിരക്കാണ് രേഖപ്പെടുത്തേണ്ടത്.
5. കരാറുകാർ സ്വന്തം നിലയിൽ ഇൻഷുറൻസ് എടുക്കേണ്ടതാണ്.
6. അന്തിമ അംഗീകാരം പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനത്തിന് വിധേയമായിട്ടായിരിക്കും.
7. യാതൊരു കാരണവും കൂടാതെ ടെണ്ടർ നിരസിക്കുന്നതിനുള്ള അവകാശം പഞ്ചായത്തിൽ നിക്ഷിപ്തമാണ്.
8. അപൂർണ്ണമായ ടെണ്ടറുകൾ നിരസിക്കുന്നതാണ്.
9. ഏതെങ്കിലും കാരണവശാൽ ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി പൊതു അവധിയായാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം മേൽപറഞ്ഞ പ്രകാരം ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ടെണ്ടർ സംബന്ധിച്ച വിശദ വിവരങ്ങൾ ഈ ഓഫീസിൽ നിന്ന് നേരിട്ടും കൂടാതെ www.tender.lsgkerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും അറിയാവുന്നതാണ്.

OFFICE OF THE THODIYOOR GRAMA PANCHAYAT * THODIYOOR *

RAJENDRAN C
Pen 579676
Secretary Thodiyoor Grama Panchayat
Thodiyoor P. O,
Ph. 9496041715